ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ ആന്റ് ബി) മഴവെള്ളശേഖരണം പ്രചരിപ്പിക്കുവാനും വ്യാപകമാക്കാനുമുള്ള ഒരു കർമ്മ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത പദ്ധതിയുടെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.†

(സി) Modernisation of Government Programme-ന്റെ ഭാഗമായി മഴവെള്ളക്കൊയ്ത്ത് പദ്ധതി വ്യാപകമാക്കാനായി 10 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഇക്കാര്യത്തിൽ ജലവിഭവം, ഗ്രാമവികസനം, തദ്ദേശ സ്വയംഭരണം, കൃഷി, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ, വിവിധ സർക്കാർ ഏജൻസികൾ എന്നിവ മുഖാന്തിരമാണ് പദ്ധതി നടപ്പാക്കുന്നത്. ഇപ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും അതിന് ഒരു സമൂർത്ത രൂപം നൽകാനും ഉദ്ദേശിച്ചുകൊണ്ട് പദ്ധതി നടത്തിപ്പിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഉന്നതതല സമിതിയും ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായും എം. പി.-മാർ, എം. എൽ. എ.-മാർ, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ ഉൾക്കൊള്ളുന്ന ഒരു ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റിയും ജില്ലാ കളക്ടറും ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഓഫീസർമാരും ഉൾക്കൊള്ളുന്ന ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. 15 ലക്ഷം രൂപ വരെയുള്ള പദ്ധതികൾ ജില്ലാതല കമ്മിറ്റികളുടെ തീരുമാനമനുസരിച്ചും അതിൽ കൂടുതലുള്ള പദ്ധതികൾ സംസ്ഥാനതല എംപവേർഡ് കമ്മിറ്റി തീരുമാനത്തിനു വിധേയമായും നടപ്പാക്കുവാനുദ്ദേശിക്കുന്നു.

(ഇ) മേൽപ്പറഞ്ഞ ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പ്രാരംഭദശയിലാണ്.

വിദേശ ട്രോളറുകൾക്ക് നൽകിയ മത്സ്യബന്ധന ലൈസൻസ് റദ്ദു ചെയ്യാൻ നടപടി

*23 [53] ഡോക്ടർ തോമസ് ഐസക്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
" മഞ്ഞളാംകുഴി അലി:
" എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സ്വകാര്യ കമ്പനികളുടെ കപ്പലുകൾക്ക് കേരളത്തിന്റെ കടലോരങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ വിദേശ ട്രോളറുകൾക്ക് നൽകിയ ലൈസൻസ് റദ്ദാക്കാൻ ആവശ്യപ്പെടുമോ;

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ എത്ര വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നുണ്ട് എന്നറിയിക്കാമോ;

(ഡി) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) കടലോരങ്ങളിൽ ഇല്ല. എന്നാൽ ആഴക്കടൽ മത്സ്യബന്ധനത്തിന് കേന്ദ്ര സർക്കാർ ഇന്ത്യൻ കമ്പനികളുടെ വിദേശ ട്രോളറുകൾക്കു അനുവാദം നൽകിയിട്ടുണ്ട്.

(ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധന ലൈസൻസ് നൽകരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കൃത്യം എണ്ണം അറിയില്ല.

(ഡി) ഇതുസംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഗിരിധാരാ കുടിവെള്ള പ്രോജക്ടിന്റെ പ്രവർത്തനം

*24 [54] ശ്രീ. ടി. കെ. ദേവകുമാർ:
" എം. വി. ജയരാജൻ:
" വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ആദിവാസി മേഖലയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ ഗിരിധാരാ പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്കീമിന് ഭരണാനുമതി നൽകിയപ്പോൾ സർക്കാർ എന്തെല്ലാം നിബന്ധനകളാണ് വച്ചിരുന്നത്;

(സി) ഈ സ്കീമിന്റെ നടത്തിപ്പ് ആദ്യം ആർക്കു നൽകുവാനാണ് തീരുമാനിച്ചത്; ഇതു സംബന്ധിച്ച് ആദ്യ തീരുമാനം മാറ്റി പകരം മറ്റൊരു ഏജൻസിക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച ചുമതല നൽകുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്നും ആർക്കാണ് ഏജൻസി നൽകിയതെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം പുതിയ ഏജൻസിക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച ചുമതല നൽകുന്നതിന് മുമ്പ് ഇതു സംബന്ധിച്ച എന്തെങ്കിലും പരസ്യം നൽകിയിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമവും മാനദണ്ഡവും എന്തൊക്കെയാണ്;

(എഫ്) ഇപ്പോൾ ഏജൻസി നൽകിയിട്ടുള്ള സ്ഥാപനം സ്വകാര്യ മേഖലയിലുള്ളതാണോ; എങ്കിൽ അതിന്റെ ഔദ്യോഗിക ഭാരവാഹികൾ ആരെല്ലാമാണ്; ഈ ഏജൻസിക്ക് ഇക്കാര്യത്തിലുള്ള മുൻപരിചയം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly